ശ്രീ. എസ്. ശർമ്മ : സാധാരണഗതിയിൽ ഇതുപോലുള്ള പ്രശ്നങ്ങൾ ബോർഡിന്റെ മുൻപിൽ വന്നുകഴിഞ്ഞാൽ നടപടിക്രമം അനുസരിച്ച് ചെയ്യാറുണ്ട്. അത് ചെയ്തില്ലെങ്കിൽ ആളപായം സംഭവിച്ചാൽ നഷ്ടം ഉദ്യോഗസ്ഥന്മാരുടെ കയ്യിൽ നിന്നും വാങ്ങിച്ചു കൊടുക്കുകയെന്നുള്ളതല്ല ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. കൃത്യവിലോപം ആരെങ്കിലും കാണിച്ചാൽ അവർക്കെതിരെ കർശനമായ നടപടി സ്വീകരിക്കുവാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. കൃത്യവിലോപം ഉണ്ടാകാതിരിക്കാനാണ് ഗവൺമെന്റ് നോക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ രണ്ടു പ്രശ്നങ്ങളും പ്രത്യേകം പരിശോധിക്കാം.

ശ്രീ. ആനത്തലവട്ടം ആനന്ദൻ : ലൈൻമാന്മാർ പലരും നേരിട്ട് ലൈനിൽ പോയി ജോലി ചെയ്യുന്നില്ല, ആരെയെങ്കിലും വിളിച്ച് ജോലി ചെയ്യിക്കുകയാണ് ചെയ്യുന്നത്. അങ്ങനെ വരുന്നവർക്ക് അപകടം സംഭവിച്ചാൽ അവർ ഇതിന്റെ കവറേജിൽ വരുമോ ? അവർ ടെമ്പററി തൊഴിലാളികളോ, കോൺട്രാക്ട് തൊഴിലാളികളോ അല്ല. അവരെക്കൂടി ഇതിൽ ഉൾപ്പെടുത്താൻ കഴിയുമോ, അല്ലെങ്കിൽ അവരെ വിളിച്ച് ജോലി ചെയ്യിക്കുന്ന ഉദ്യോഗസ്ഥന്മാരുടെ പേരിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. എസ്. ശർമ്മ : ഓരോരുത്തർ ചെയ്യേണ്ട ജോലി അവരവർ തന്നെ ചെയ്യുന്നു എന്ന് ഉറപ്പുവരുത്തുക. വഴിവിട്ട് ആരെക്കൊണ്ടെങ്കിലും ജോലി ചെയ്യിപ്പിച്ച് അപകടം സംഭവിച്ച് ആനുകൂല്യത്തിന്റെ പിന്നാലെ പോകുന്നതിനേക്കാൾ നല്ലത് വഴിവിട്ട് ജോലി ചെയ്യിപ്പിക്കാതിരിക്കുക എന്നുള്ളതാണ്. അതിന് പ്രാധാന്യം കൊടുത്തുകൊണ്ട് ഗവൺമെന്റ് ആവശ്യമായ നടപടി സ്വീകരിക്കാം.

മി. സ്പീക്കർ : ചോദ്യം നമ്പർ 33-ഉം 35-ഉം ഒരുമിച്ചെടുക്കാം.

സഹകരണമേഖലയിൽ ഇൻഷ്വറൻസ് കമ്പനി

3 (*33) ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ :
ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സഹകരണ മേഖലയിൽ ഇൻഷ്വറൻസ് കമ്പനി ആരംഭിക്കുന്നത് സംബന്ധിച്ച് സർക്കാർ എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) അടുത്തകാലത്ത് ഡൽഹിയിൽ ചേർന്ന സംസ്ഥാന സഹകരണ വകുപ്പ് മന്ത്രിമാരുടെ യോഗത്തിൽ പ്രസ്തുത വിഷയം സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശമോ ആവശ്യമോ ഉണ്ടായിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പുതിയ ഇൻഷ്വറൻസ് സംരംഭങ്ങൾക്ക് അനുവാദം നൽകുമ്പോൾ സംസ്ഥാനത്തെ സഹകരണ മേഖലകൾക്ക് മുന്തിയ പരിഗണന നൽകണമെന്ന സംസ്ഥാനത്തിന്റെ ആവശ്യത്തോട് കേന്ദ്ര സർക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ ;

(ഡി) സംസ്ഥാന സഹകരണ മേഖല വിവിധ ഇൻഷ്വറൻസ് കമ്പനികൾക്ക് പ്രീമിയമായി തുക നൽകി വരുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) സഹകരണ മേഖല വിവിധ ഇൻഷ്വറൻസ് കമ്പനികൾക്ക് നൽകി വരുന്ന പ്രീമിയം തുക കണക്കാക്കുമ്പോൾ ഇൻഷ്വറൻസ് കമ്പനി ആരംഭിക്കേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(എഫ്) സംസ്ഥാന സർക്കാരുകളുടെ അധികാര പരിധിയിലുള്ള സഹകരണ മേഖലയിൽ കടന്നുകയറാൻ കേന്ദ്ര സർക്കാർ എന്തെങ്കിലും നീക്കം ആരംഭിച്ചതായി അറിവുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ സഹകരണ മന്ത്രിമാരുടെ സമ്മേളനം എന്തു നിലപാടാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്താമോ ;

(ജി) സഹകരണ മേഖലയിൽ ഇൻഷ്വറൻസ് കമ്പനി ആരംഭിക്കുന്നതിന് ആവശ്യമായ അനുമതി ലഭിക്കാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്.ശർമ്മ) :

(എ) സഹകരണ മേഖലയിൽ ഇൻഷ്വറൻസ് ബിസിനസ് നടത്തുവാനായി ഒരു സഹകരണ സംഘം രൂപീകരിക്കുവാൻ സർക്കാർ തീരുമാനിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഒരു സഹകരണ ഇൻഷ്വറൻസ് സംഘം രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. സഹകരണ ഇൻഷ്വറൻസ് സംഘത്തിന്റെ പ്രവർത്തനം സംബന്ധിച്ച് വിവിധ പ്രായോഗിക വശങ്ങൾ പരിശോധിച്ചു വരുന്നു.

(ബി) ഡൽഹിയിൽ നടന്ന പ്രസ്തുത യോഗത്തിൽ ഈ വിഷയം ഉന്നയിക്കുകയും ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(സി) കേന്ദ്രഗവൺമെന്റിന്റെ പ്രത്യേകമായ പ്രതികരണമൊന്നും ലഭിച്ചിട്ടില്ല. പുതിയ ഇൻഷ്വറൻസ് സംഭരങ്ങൾക്ക് ഇൻഷ്വറൻസ് റഗുലേറ്ററി ആൻഡ് ഡെവലപ്മെന്റ് ആക്ട് 1999 പ്രകാരമുള്ള നിബന്ധനകൾക്ക് വിധേയമായി അംഗീകാരം തേടേണ്ടതുണ്ട്. അതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) സഹകരണ മേഖല വിവിധ ഇൻഷ്വറൻസ് കമ്പനികൾക്ക് പ്രീമിയമായി തുക നൽകിവരുന്നുണ്ട്. സംസ്ഥാനത്തെ സഹകരണ മേഖല പ്രതിവർഷം വിവിധ കാര്യങ്ങൾക്കായി ഏകദേശം 5 മുതൽ 7 കോടി രൂപവരെ പ്രീമിയം ആയി അടയ്ക്കുന്നുണ്ട് എന്ന് കണക്കാക്കുന്നു. 1998-99 വർഷത്തിൽ മാത്രം 5.44 കോടി രൂപ ഈ ഇനത്തിൽ സഹകരണ സ്ഥാപനങ്ങൾ നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇക്കാര്യം കൂടി കണക്കിലെടുത്തുകൊണ്ടാണ് സഹകരണ മേഖലയിൽ ഒരു ഇൻഷ്വറൻസ് സ്ഥാപനം ആരംഭിക്കുന്ന കാര്യം പരിഗണിച്ചു കൊണ്ടിരിക്കുന്നത്. സഹകരണ മേഖലയുടേയും പൊതുജനങ്ങളുടേയും ഇൻഷ്വറൻസ് സംബന്ധമായ ആവശ്യങ്ങൾ ന്യായമായ രീതിയിൽ നിർവ്വഹിക്കുവാൻ സ്ഥാപനത്തിന് സാധിക്കുമെന്നുള്ള പ്രതീക്ഷയിലാണ് ഇപ്രകാരമുള്ള ഒരു ശ്രമം ആരംഭിച്ചിട്ടുള്ളത്.

(എഫ്) സഹകരണ ക്രെഡിറ്റ് സമ്പ്രദായത്തിന്റെ പ്രവർത്തനത്തെക്കുറിച്ച് പഠിക്കുവാനും അതിനെ ശക്തിപ്പെടുത്താനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കാനുമായി റിസർവ്വ് ബാങ്ക് ഡെപ്യൂട്ടി ഗവർണറുടെ അദ്ധ്യക്ഷതയിൽ ഒരു 'ടാസ്ക് ഫോഴ്സി'നെ കേന്ദ്ര സർക്കാർ നിയമിച്ചിരുന്നു. പ്രസ്തുത ടാസ്ക് ഫോഴ്സ് അതിന്റെ റിപ്പോർട്ട് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ടിലെ ശുപാർശകൾ പഠിച്ചു വരുന്നതേയുള്ളു.

(ജി) ഡൽഹിയിൽ കൂടിയ സഹകരണ വകുപ്പുമന്ത്രിമാരുടെ യോഗത്തിൽ ഈ വിഷയം ഉന്നയിച്ചിട്ടുണ്ട്. അതോടൊപ്പം തന്നെ എം.പി.മാരുടെ കോൺഫറൻസിലും ഇത് ചർച്ച ചെയ്യുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

സഹകരണവകുപ്പിന്റെ ആഭിമുഖ്യത്തിൽ ഇൻഷ്വറൻസ്

4 (*54) ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഇൻഷ്വറൻസ് ബിസിനസ് നടത്തുന്നതിനുള്ള കമ്പനിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ടോ ;

(ബി) ഈ കമ്പനിക്ക് ഈ ബിസിനസ്സ് നടത്തുന്നതിനുള്ള തുക എപ്രകാരമാണ് സംഭരിക്കുന്നത് എന്ന് വ്യക്തമാക്കാമോ ;

(സി) ഇക്കാര്യത്തിനായി എന്ത് തുക സംഭരിക്കാനാണ് ഉദ്ദേശിച്ചിരുന്നത് ; അതിൽ എന്തു തുക ഇതുവരെ സംഭരിച്ചുവെന്നും ഓരോ സഹകരണ സ്ഥാപനവും എന്തു തുകവീതം ഇക്കാര്യത്തിനായി നൽകുകയുണ്ടായെന്നും വ്യക്തമാക്കാമോ ;

(ഡി) ഈ ആവശ്യത്തിന് സഹകരണ സ്ഥാപനങ്ങൾ തുക നൽകുന്ന സന്ദർഭത്തിൽ കർഷകർക്കുള്ള കാർഷിക വായ്പകൾ യഥാസമയം നൽകുവാൻ ഈ സഹകരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly